**എം. എൽ. എ. ഫണ്ട് വിനിയോഗിക്കുന്നതിനുള്ള വ്യവസ്ഥ**

**9 (1804)** ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം. എൽ. എ. ഫണ്ട് വിനിയോഗിച്ചുകൊണ്ട് എയ്ഡഡ് യു. പി. സ്കൂളുകൾക്ക് കമ്പ്യൂട്ടർ നൽകുന്നതിന് നിലവിൽ വ്യവസ്ഥ ഉണ്ടോ ;

(ബി) ഇല്ലെങ്കിൽ എയ്ഡഡ് യു. പി. സ്കൂളുകൾക്ക് എം. എൽ. എ. ഫണ്ടിൽ നിന്ന് കമ്പ്യൂട്ടർ നൽകുന്നതിനുള്ള തുക അനുവദിക്കുന്നതിന് അനുവാദം നൽകുമോ ?

ഉത്തരം

(എ) എം. എൽ. എ. ഫണ്ടിൽ നിന്നും സർക്കാർ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള സ്കൂളുകൾക്ക് മാത്രമേ കമ്പ്യൂട്ടർ നൽകാൻ നിലവിൽ വ്യവസ്ഥയുള്ളു.

(ബി) പരിശോധിക്കാവുന്നതാണ്.

**എം. എൽ. എ. മാർക്കുള്ള പ്രാദേശിക വികസന ഫണ്ടിന്റെ വിനിയോഗവുമായി ബന്ധപ്പെട്ട ഫയൽ**

**10 (1805)** ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലാ കളക്ട്രേറ്റിൽ നിന്നും എം. എൽ. എ. മാർക്കുള്ള പ്രാദേശിക വികസന ഫണ്ടിന്റെ വിനിയോഗവുമായി ബന്ധപ്പെട്ട് പ്രത്യേകാനുമതി തേടിയുള്ള ഫയൽ എന്നാണ് ധനകാര്യ വകുപ്പിൽ ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ ഫയലിൽ തീർപ്പു കൽപ്പിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ ഫയൽ ധനകാര്യ വകുപ്പിൽ 21-5-2002-ൽ ലഭിച്ചു.

(ബി) എം. എൽ. എ. ഫണ്ടിന്റെ പൊതുവായ മാർഗ്ഗ നിർദ്ദേശങ്ങളിൽ മാറ്റം വരുത്തുന്നതിന്റെ ഭാഗമായി ഇത് പരിഗണിച്ചു കൊണ്ടിരിക്കയാണ്.

**ലാന്റ് അക്വിസിഷൻ കുടിശ്ശിക തീർക്കാൻ നടപടി**

**11 (1806)** ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലാന്റ് അക്വിസിഷൻ ഇനത്തിൽ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമായി സംസ്ഥാന സർക്കാർ കൊടുത്തു തീർക്കാൻ കുടിശ്ശികയുള്ള തുക എത്രയാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ തുക ഏതെല്ലാം മേഖലകളിൽ ഭൂമി ഏറ്റെടുത്ത ഇനത്തിലാണ് കുടിശ്ശികയായതെന്ന് വ്യക്തമാക്കുമോ ;

(സി) തുക ബന്ധപ്പെട്ടവർക്ക് നൽകുന്നതിന് ഏതെല്ലാം വകുപ്പുകളിൽ നടപടി നടന്നു വരുന്നു ;

(ഡി) ഈ ബാദ്ധ്യത തീർക്കുന്നതിന് സംസ്ഥാന ധനകാര്യ വകുപ്പ് കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദീകരിക്കുമോ ?

ഉത്തരം

(എ) ലാന്റ് അക്വിസിഷൻ ഇനത്തിൽ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമായി സംസ്ഥാന സർക്കാർ കൊടുത്തു തീർക്കാൻ കുടിശ്ശികയുള്ള തുക 63,56,51,134 രൂപയാണ്.

(ബി) കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്, കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, സർക്കാരിന്റെ വിവിധ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയ്ക്കു വേണ്ടി ഭൂമി ഏറ്റെടുത്ത ഇനത്തിലാണ് തുക കുടിശ്ശികയായിട്ടുള്ളത്.

(സി) പൊതുമരാമത്ത് വകുപ്പ്, റവന്യൂ (ബി) വകുപ്പ്, ഇറിഗേഷൻ വകുപ്പ്, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, കേരളാ വാട്ടർ അതോറിറ്റി, ഹൗസിംഗ് ഡിപ്പാർട്ട്മെന്റ്, കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, വനം വകുപ്പ്, പോലീസ് വകുപ്പ് തുടങ്ങിയവയിൽ നടപടി നടന്നു വരുന്നു. പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിൽ കുടിശ്ശിക ഒന്നുമില്ല എന്നാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത് ഏറ്റവും കൂടുതൽ കുടിശ്ശിക ഉള്ളത് എറണാകുളം ജില്ലയിലാണ് (26,48,30,291 രൂപ). ഇത് പെരിയാർ വാലി ഇറിഗേഷൻ പദ്ധതിക്കു വേണ്ടിയും മൂവാറ്റുപുഴ വാലി ഇറിഗേഷൻ പദ്ധതിക്കു വേണ്ടിയും ഭൂമി ഏറ്റെടുത്തതിലുള്ള വിധി നടത്തുകയാണ്.

(ഡി) ലാന്റ് അക്വിസിഷൻ ഇനത്തിൽ താഴെക്കാണിച്ചിട്ടുള്ള ബഡ്ജറ്റ് ശീർഷകങ്ങളിൽ തുക വക കൊള്ളിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (i) | 2075-800-93-കേന്ദ്ര സർക്കാർ ആവശ്യങ്ങൾക്ക് ഭൂമിയുംകെട്ടിടങ്ങളും പൊന്നുംവിലക്കെടുക്കാൻ ചെലവുകൾ-മറ്റു ചെലവുകൾ-ചാർജു ചെയ്തത് | 1000 ടോക്കൺ പ്രൊവിഷൻ | DBE Vol.I P.225 |
| (ii) | 2075-00-800-84 സർക്കാർ ആവശ്യങ്ങൾക്ക് വേണ്ടി ഭൂമി പൊന്നുംവിലക്കെടുക്കാൻ വോട്ടു ചെയ്തത്-ചാർജു ചെയ്തത് | 1000 ടോക്കൺ പ്രൊവിഷൻ 1000 | DBE Vol.I P.226 |

LIBRARY ARCHIVES Kerala Legislative Assembly

| | | | |
|---|---|---|---|
| (iii) | 2075-00-800-80- ഏഴിമലയിൽ നേവൽ അക്കാഡമി സ്ഥാപിക്കുന്നതിന് ഭൂമി പൊന്നുംവിലക്കെടുക്കൽ- വോട്ടു ചെയ്തത്-ചാർജു ചെയ്തത് | 3,00,000<br>20,00,000 | DBE Vol.I P.226 |
| (iv) | 2075-800-54 സർക്കാർ വകുപ്പുകൾക്ക് വേണ്ടി സ്ഥലം പൊന്നും വിലയ്ക്കെടുക്കുന്നതു സംബന്ധിച്ച കേസുകളിൽ വിധി നടപ്പാക്കുന്നതിനായി കോടതിയിൽ കെട്ടിവയ്ക്കാൻ മൊത്തം തുക-ചാർജ് ചെയ്തത് | 1,00,00,000 | DBE Vol.I P.227 |
| (v) | 2075-800-53- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കു വേണ്ടി സ്ഥലം പൊന്നും വിലക്കെടുക്കുന്നതു സംബന്ധിച്ച കേസുകളിൽ വിധി നടപ്പാക്കൽ ചാർജ് ചെയ്തത് | 1,00,00,000 | DBE Vol.I P.227 |

മേൽ ശീർഷകങ്ങളിൽ വകകൊള്ളിച്ചിട്ടുള്ള തുക തികയാതെ വരുന്ന പക്ഷം റവന്യൂ വകുപ്പിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ അധിക തുക ചെലവഴിക്കാനുള്ള അനുമതിയും നൽകി വരുന്നു.

**പി. ഡബ്ല്യു.ഡി. ജലസേചനം തുടങ്ങിയ രംഗത്തെ കരാറുകാർക്ക് കൊടുത്ത് തീർക്കാനുള്ള തുക**

**12 (1807)** ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏറ്റവും ഒടുവിലത്തെ കണക്കനുസരിച്ച് പി. ഡബ്ല്യു.ഡി., ജലസേചനം തുടങ്ങിയ രംഗത്തെ കരാറുകാർക്ക് കൊടുത്തു തീർക്കാനുള്ള തുകയെത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും മാറ്റിവച്ച ആനുകൂല്യങ്ങൾ തിരികെ കൊടുക്കുന്നത് സംബന്ധിച്ച ബാദ്ധ്യത എത്രയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഏറ്റവും ഒടുവിലത്തെ കണക്കനുസരിച്ച് കരാറുകാർക്ക് കൊടുത്തു തീർക്കാനുള്ള തുക ചുവടെ ചേർക്കുന്നു:-

| | | |
|---|---|---|
| പൊതുമരാമത്ത് (റോഡുകളും പാലങ്ങളും 31-3-2003 വരെ) | 569.00 | കോടി |
| ബിൽഡിംഗ്സ് (31-5-2003 വരെ) | 41.00 | " |
| നാഷണൽ ഹൈവേ | 1.64 | " |



LIBRARY ARCHIVES Kerala Legislative Assembly